## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **4117**

**25.06.2014** ൽ മറുപടിക്ക്

<u>ജലമലിനീകരണം തടയുന്നതിനുള്ള നടപടികൾ</u>

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ | | <u>ശ്രീ.പി.ജെ.ജോസഫ്</u><br><u>(ജലവിഭവവകുപ്പ് മന്ത്രി)</u> |
| (എ) ജലമലിനീകരണത്തിൽ ദേശീയാടിസ്ഥാനത്തിൽ കേരളത്തിന്റെ സ്ഥാനം എത്രാമതാണ്; | (എ) | പ്ലാനിംഗ് കമ്മീഷൻ പ്രിസ്റ്റെൽസ് (PRESTELS) എന്ന സ്ഥാനം വഴി 2011 ൽ നടത്തിയ സംസ്ഥാനങ്ങളുടെ പാരിസ്ഥിതിക പെർഫോർമൻസ് ഇൻഡക്സ് പഠന റിപ്പോർട്ട് പ്രകാരം വാട്ടർ ക്വാളിറ്റിയിൽ സംസ്ഥാ നത്തിന് 18-ാമത് സ്ഥാനമാണ്. |
| (ബി) ജലം മലിനപ്പെടുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. കേരളത്തിലെ നദികൾ, കായലുകൾ മറ്റു പ്രധാന ജലസ്രോതസ്സുകൾ എന്നിവിടങ്ങളിലെ ജലമലിനീകരണം സംബന്ധിച്ച് കേരള മലിനീകരണ നിയന്ത്രണ ബോർഡ്, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനു കീഴിലുള്ള കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന സി.ഡബ്ല്യു.ആർ.ഡി.എം തുടങ്ങിയ സ്ഥാപനങ്ങൾ പഠനങ്ങൾ നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിക്കാറുണ്ട്. |
| (സി) മലിനീകരണത്തിന്റെ തോത് കുറയ്ക്കുന്നതിന് നിരീക്ഷണ സംവിധാനങ്ങൾ ഒരുക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. സംസ്ഥാനത്തെ ജലസ്രോതസ്സുകളെ മലിനപ്പെടുത്തുന്ന പ്രവൃത്തികൾ നിരുത്സാഹപ്പെടുത്തുന്നതിന് പരിഹാര നടപടികൾ സ്വീകരിക്കുന്നതിന് സർവൈലൻസ് ക്യാമറകൾ, കണ്ടിന്യൂവസ് മോണിറ്ററിംഗ് സ്റ്റേഷനുകൾ, ഡിസ്പ്ലേ ബോർഡുകൾ തുടങ്ങിയവ സ്ഥാപിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ജലമലിനീകരണം തടയുന്നതിന് എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | നിലവിൽ തിരുവനന്തപുരം ജില്ലയിൽ 107 എംഎൽഡി ശേഷിയുള്ള ഒരു സീവേജ് ശുദ്ധീകരണ പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ ഇളംകുളത്ത് 4.5 എംഎൽഡി ശേഷിയുള്ള സീവേജ് ശുദ്ധീകരണ പ്ലാന്റ് പ്രവർത്തിച്ചു വരുന്നു. ശബരിമലയിലെ പമ്പയിൽ 3.5 എംഎൽഡി യുടെ സീവേജ് ശുദ്ധീകരണ പ്ലാന്റ് ശബരിമല സീസണിൽ പ്രവർത്തിച്ചു വരുന്നു. ഗുരുവായൂരിൽ 3 എംഎൽഡി ശേഷിയുള്ള ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ സീവറേജ് സിസ്റ്റം (സീവർ ലൈനുകൾ) പൂർത്തിയാക്കാത്തതിനാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഹൗസ് ബോട്ടുകളിൽ നിന്നുള്ള സിവേജ് മാലിന്യം സംസ്ക്കരിക്കുന്നതിനായി കോട്ടയത്തെ കുമരകത്തും, ആലപ്പുഴയിലെ കുന്നുമ്മയിലും ഓരോ സീവേജ് ശുദ്ധീകരണ പ്ലാന്റുകൾ നിലവിലുണ്ട്. കോട്ടയത്ത് ഗാന്ധിനഗറിലും കണ്ണൂരിൽ തളിപ്പറമ്പിലും ഓരോ ചെറിയ സീവേജ് ശുദ്ധീകരണ പ്ലന്റുകൾ പ്രവർത്തിച്ചു വരുന്നു. കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ കെ.എസ്.യു.ഡി.പി. പദ്ധതി പ്രകാരം സീവേജ് ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി സ്ഥാപനാനുമതി ബോർഡിൽ നിന്നും നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്തെ നദികളുടെയും തണ്ണീർത്തടങ്ങളുടെയും സമഗ്രവും സുസ്ഥിരവുമായ സംരക്ഷണം ലക്ഷ്യമിട്ട് സ്റ്റേറ്റ് റിവർ & വെറ്റ്ലാൻഡ് അതോറിറ്റി, റിവർ ബേസിൻ ബോർഡ്, വെറ്റ് ലാൻഡ് ഡവലപ്മെന്റ് ബോർഡ് എന്നിവ രൂപീകരിക്കുന്നതിന് കേരള ഇറിഗേഷൻ & വാട്ടർ കൺസർവേഷൻ അമെൻഡ്മെന്റ് ബിൽ 2013 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബില്ലിന് നിയമപ്രാബല്യം കൈവന്നാൽ ഇവയെല്ലാം രൂപീകരിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ